പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.602 28.02.2017 ൽ മറുപടിയ്ക്ക്

## കായിക താരങ്ങൾക്ക് സർക്കാർ ജോലി

ചോദ്യം ഉത്തരം

ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ ശ്രീ.എ.സി.മൊയ്തീൻ

(വ്യവസായവും സ്പോർട്സും

യുവജനകാര്യവും വകുപ്പ് മന്ത്രി

| | |
|---|---|
| മുപ്പത്തിയഞ്ചാമത് ദേശീയ ഗയിംസിൽ മെഡൽ പട്ടികയിൽ ഒന്നാമതെത്തിയ സംസ്ഥാനത്തെ കായിക താരങ്ങൾക്ക് സർക്കാർ ജോലി നൽകാമെന്ന വാഗ്ദാനത്തിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ? | 35-ാമത് ദേശീയ ഗെയിംസിലെ സംസ്ഥാന ടീമിന്റെ മികച്ച പ്രകടനം കണക്കിലെടുത്ത് വ്യക്തിഗത ഇനങ്ങളിൽ മെഡൽ നേടിയവർക്കും ടീം ഇനങ്ങളിൽ സ്വർണ്ണമെഡൽ നേടിയവരുമായ താരങ്ങൾക്ക് വിവിധ വകുപ്പുകളിലെ സ്പോർട്സ് ക്വാട്ടാ നിയമന വിഭാഗത്തിൽ നിയമനം നൽകുന്നതിന് എൽ.ഡി ക്ലാർക്ക് തസ്തികയുടെ 68 സൂപ്പർ ന്യൂമററി തസ്തികകൾ അധികമായി സൃഷ്ടിച്ചുകൊണ്ട് 16.02.2016 ലെ സ.ഉ (കൈ) 15/16/കാ.യു.വ പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ടി കായിക താരങ്ങൾക്ക് പ്രസ്തുത തസ്തികകളിൽ നിയമനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.<br><br>കൂടാതെ ടീമിനങ്ങളിൽ വെള്ളി, വെങ്കല മെഡലുകൾ നേടിയ 83 കായിക താരങ്ങൾക്ക് ലാഭത്തിൽ പ്രവർത്തിക്കുന്ന സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിൽ സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച് നിയമനം നൽകുന്ന വിഷയം സർക്കാർ പരിശോധിച്ച് വരികയാണ്. ഇത് സംബന്ധിച്ച് 21.02.2017 ൽ ബഹു.വ്യവസായവും കായിക യുവജനകാര്യവും വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയുണ്ടായി.. നടപടികൾ ത്വരിതഗതിയിൽ സ്വീകരിച്ചു വരുന്നുണ്ട്.<br><br>ഗെയിംസിൽ ഒളിമ്പിക് നിലവാരം പുലർത്തിയ കായിക താരങ്ങളായ ശ്രീ.സജൻ പ്രകാശ്, കുമാരി.എലിസബത്ത് സൂസൻ കോശി എന്നിവർക്ക് പോലീസ് വകുപ്പിൽ ആംഡ് പോലീസ് ഇൻസ്പെക്ടർ തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. പ്രസ്തുത നിലവാരം പുലർത്തിയ മറ്റ് രണ്ടു കായിക താരങ്ങളായ കുമാരി അനിൽഡ തോമസിനും കുമാരി അനു. ആർ നും വനം വന്യ ജീവി വകുപ്പിൽ സീനിയർ സൂപ്രണ്ട് തസ്തികയിൽ നിയമനം നൽകുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ പുരോഗമിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ